LIBRARY ARCHIVES Kerala Legislative Assembly

പള്ളിക്കുന്നേൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി

52 (1719) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണിമല ആറ്റിൽനിന്നും വെള്ളം എടുത്ത് ശുദ്ധീകരിച്ച് പള്ളിക്കുന്നേൽ പഞ്ചായത്തിൽ വിതരണം ചെയ്യുന്ന പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദവിവരം വെളിപ്പെടുത്താമോ ;

(സി) ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അംഗീകാരം ലഭിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) പള്ളിക്കത്തോട് (പള്ളിക്കുന്നേൽ അല്ല) പഞ്ചായത്തിലെ 29950 പേർക്ക് പ്രയോജനം നൽകുന്നവിധത്തിൽ മണിമലയും സമീപവില്ലേജുകളും രണ്ടാംഘട്ടം എന്ന പേരിൽ ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. മണിമല ആറ്റിൽ നിന്നും വെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് ചള്ളോലിക്കടുത്ത് ഒരു ഭൂതല ജലസംഭരണിയും ഉള്ളയത്ത് ഒരു ഉന്നതതല ജലസംഭരണിയും സ്ഥാപിച്ച് ശുദ്ധജലവിതരണം നടത്തുന്ന പ്രസ്തുത പദ്ധതിക്ക് 627 ലക്ഷം രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് 8-11-1999-ൽ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) ഉദിക്കുന്നില്ല.

വാട്ടർ അതോറിറ്റി നൽകിയ കൺസൾട്ടൻസി

53 (1720) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും കൺസൾട്ടൻസിയെ സമീപിച്ചിട്ടുണ്ടോ ?

ഉത്തരം

കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി ഒരു കൺസൾട്ടൻസിയെയും സമീപിച്ചിട്ടില്ല.

ഒ. ഇ. സി. എഫ്. പദ്ധതി

54 (1721) ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ സഹായത്തോടെ ഒ. ഇ. സി. എഫ്. പദ്ധതി പ്രകാരം നടപ്പിലാക്കുന്ന ശുദ്ധജലപദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് ;

(ബി) ഈ പദ്ധതിക്ക് അനുവാദം ലഭിച്ചതെന്നാണെന്നും അനുവാദം ലഭിക്കുമ്പോഴുള്ള കരാർ പ്രകാരം എന്നാണ് ഇത് പൂർത്തീകരിക്കേണ്ടതെന്നും വെളിപ്പെടുത്തുമോ ;

(സി) ഇപ്പോൾ ഈ പദ്ധതി ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ഡി) ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയാണ് ?

ഉത്തരം

(എ) ഒഇ.സി.എഫ് (ജപ്പാൻ) (ഇപ്പോൾ ജപ്പാൻ ബാങ്ക് ഫോർ ഇന്റർനാഷണൽ കോ-ഓപ്പറേഷൻ) ന്റെ സഹായത്തോടെ നടപ്പിലാക്കുന്ന കേരള വാട്ടർ സപ്ലൈ പ്രോജക്ടിന്റെ മൊത്തം അടങ്കൽ തുക 1,787.45 കോടി രൂപയായിട്ടാണ് കണക്കാക്കിയിട്ടുള്ളത്.

(ബി) ഈ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടി ഒ.ഇ.സി.എഫും കേന്ദ്രഗവൺമെന്റും തമ്മിൽ 1997 ഫെബ്രുവരി 25-നാണ് കരാറൊപ്പുവച്ചത്. കരാർപ്രകാരം 2003-ഡിസംബറോടെ പദ്ധതികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഒ.ഇ.സി.എഫുമായുള്ള കരാർപ്രകാരം പദ്ധതി നടത്തിപ്പിന് കൺസൾട്ടന്റ് സിനെ നിയമിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പദ്ധതിക്കുവേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. *

ജലസേചനവകുപ്പിലെ നിയമനം

55 (1722) ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലസേചനവകുപ്പിൽ നിലവിൽ ഹെഡ്ക്ലാർക്കുമാരുടെ എത്ര തസ്തികയാണുള്ളത് ;

(ബി) ജലസേചന വകുപ്പിൽ മറ്റു വകുപ്പുകളിലെപ്പോലെ 3:1 അനുപാതം തന്നെയാണോ തുടർന്നുവരുന്നത് ;

(സി) ഈ അനുപാതം അനുസരിച്ച് ജലസേചനവകുപ്പിൽ എത്ര ഹെഡ്ക്ലാർക്കുമാരാണ് ഉണ്ടായിരിക്കേണ്ടത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly